**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2755** **24-02-2026 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെ കൊല്ലുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുപന്നികളെ കൊല്ലുന്നതിനായി ഏതൊക്കെ വകുപ്പുകളിൽ നിന്ന് എന്തൊക്കെ അനുമതികളാണ് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ കൊന്ന് എല്ലായ്മ്മ ചെയ്യുന്നതിന് നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്റേയോ , സെക്രട്ടറിയുടേയോ രേഖാമൂലമുള്ള ഉത്തരവ് മാത്രം മതിയാകുന്നതാണ്.<br><br>സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ് ലൈഫ് വാർഡനായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായും ചുമതലപ്പെടുത്തി സ.ഉ. (സാധാ) നം. 239/2022/വനം തീയതി 31/05/2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് 1972 ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായിട്ടുള്ള, ഷെഡ്യൂൾ II-ൽ പെട്ട വന്യജീവിയായ കാട്ടുപന്നികൾ ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമായി കാണപ്പെടുന്ന സാഹചര്യത്തിൽ അവയെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള ഉത്തരവ് നൽകുന്നതിനുള്ള അധികാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഡെലിഗേറ്റ് ചെയ്ത് ഉത്തരവ് നൽകിയിട്ടുണ്ട്. ടി ഉത്തരവുകളുടെ കാലാവധി 27/05/2026 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | കാട്ടുപന്നികളെ കൊല്ലാൻ ഉപയോഗിക്കേണ്ട ആയുധങ്ങൾ സംബന്ധിച്ചും അവയ്ക്ക് ഉണ്ടായിരിക്കേണ്ട അനുമതികൾ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ലൈസൻസ് ഉള്ള അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. ഈ പാനലിൽ ഉൾപ്പെട്ട ഷൂട്ടർമാർക്ക് ലൈസൻസ് ഉള്ള തോക്കുപയോഗിച്ച്, സ.ഉ.(സാധാ) നം. 239/2022/വനം തീയതി 31/05/2022 പ്രകാരമുള്ള നിബന്ധനകൾക്കും 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾക്കും വിധേയമായി കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യാവുന്നതാണ്.<br>മനുഷ്യ ജീവനും, മറ്റ് വന്യജീവികൾ, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി വിഷപ്രയോഗം, സ്ഫോടകവസ്തു പ്രയോഗം, വൈദ്യുതി ഷോക്കേല്പിക്കൽ എന്നിവ ഒഴികെയുള്ള മറ്റ് രീതികളുപയോഗിച്ചും സ.ഉ.(സാധാ) നം. 239/2022/വനം തീയതി 31/05/2022 പ്രകാരമുള്ള നിബന്ധനകൾക്കും 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വ്യവസ്ഥകൾക്കും വിധേയമായി കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യാവുന്നതാണ്. |
| (സി) | കാട്ടുപന്നികളെ കൊന്നൊടുക്കുന്നതിനായി ചെലവാക്കുന്ന തുക ദുരന്തനിവാരണ ഫണ്ടിൽ നിന്ന് നൽകുമെന്നുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | 06/03/2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 108/2025/DMD പ്രകാരമാണ് കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ചെലവാകുന്ന തുക ദുരന്തനിവാരണ ഫണ്ടിൽ നിന്ന് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനായി നിയോഗിക്കുന്ന ഷൂട്ടർമാർക്കുണ്ടായിരിക്കേണ്ട യോഗ്യതകളെന്തെല്ലാമാണെന്ന് അറിയിക്കുമോ; ഷൂട്ടർമാർക്ക് വനം വകുപ്പിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (ഡി) | ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായി വനം വകുപ്പ്, ഡിവിഷൻ/സർക്കിൾ തലങ്ങളിൽ തയ്യാറാക്കിയിട്ടുള്ള അംഗീകൃത ഷൂട്ടർമാരുടെ പാനലിൽ ഉൾപ്പെട്ടിട്ടുള്ളതും, ലൈസെൻസോട്ടു കൂടിയ തോക്കിന്റെ ഉടമസ്ഥരും ആയിരിക്കണം ഷൂട്ടർമാർ. ഇവർക്ക് വനം വകുപ്പ് പ്രത്യേക പരിശീലനം ഒന്നും നൽകാറില്ല. ഷൂട്ടർമാരുടെ പാനലിൽ ഉൾപ്പെടുത്തുന്നതിന് വനം-വന്യജീവി കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തവരുമായ, തോക്ക് ലൈസൻസുള്ള ഷൂട്ടർമാരെയാണ് പരിഗണിക്കുക. |
| (ഇ) | വനമേഖലയുമായി ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ഈ നടപടികൾ ഏകോപിപ്പിക്കുന്നതിനായി വനംവകുപ്പ് ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഇ) | ജില്ല / സർക്കിൾ / ഡിവിഷൻ തലത്തിൽ അംഗീകൃത ലൈസൻസ്ഡ് ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കുകയും ആയത് പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസമേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായി കാണപ്പെടുന്ന കാട്ടുപന്നികളെ നിർമ്മാർജ്ജനം ചെയ്യുന്ന പ്രവർത്തികൾ അവലോകനം ചെയ്യുന്നതിനും ആയതിന് സഹായകരമായ നടപടികളും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിക്കുന്നതിനും മിഷൻ വൈൽഡ് പിഗ് എന്ന തീവ്രയജ്ഞ കർമ്മപദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനായി സംസ്ഥാനതലത്തിൽ ഒരു നോഡൽ ഓഫീസറെ |

| | | | |
|---|---|---|---|
| | | | നിയോഗിച്ചിട്ടുള്ളതും മിഷൻ പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നതുമാണ്.<br><br>ജനവാസമേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായി കാണപ്പെടുന്ന കാട്ടുപന്നികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ലഘുലേഖകൾ (ബ്രോഷറുകൾ) തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br>മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി രൂപീകരിച്ച ജില്ലാതല സമിതികളിലും കാട്ടുപന്നികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും നിലവിലുള്ള സർക്കാർ ഉത്തരവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br>എല്ലാ വനം ഡിവിഷനുകളിലും ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നുണ്ട്. കാട്ടുപന്നികൾ മൂലമുള്ള അപകടസാധ്യതകൾ ഉൾപ്പെടെ മനുഷ്യ-വന്യമൃഗ സംഘർഷ പ്രശ്നങ്ങൾക്ക് ഈ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളുമായി ബന്ധപ്പെട്ട് പരിഹാരം തേടാവുന്നതാണ്.<br>മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ 2025 സെപ്റ്റംബറിൽ ഹെൽപ്-ഡെസ്കുകൾ സ്ഥാപിച്ച് പ്രദേശവാസികളുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിനെ തുടർന്ന് സംഘർഷ ബാധിത പഞ്ചായത്തുകളിൽ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും സഹായത്തിനുമായി ഫോറസ്റ്റ് ലെയ്സൺ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>സംഘർഷ ബാധിത പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികളും പ്രൈമറി റെസ്പോൺസ് ടീമുകളും രൂപീകരിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് തലത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ജനജാഗ്രതാ സമിതികൾക്ക് സ്വാതന്ത്ര്യമുണ്ട്.<br>മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി, കാട്ടുപന്നി നിർമ്മാർജ്ജനവും ഉൾപ്പെടുന്ന പഞ്ചായത്ത് തല കർമ്മപദ്ധതികൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Disaster Management Department-Human Wildlife conflict- Norms of Assistance - Culling and burial of notified wild pests-Approved-Orders Issued.

**DISASTER MANAGEMENT (A) DEPARTMENT**

G.O.(Rt)No.108/2025/DMD Dated 06-03-2025,Thiruvananthapuram

Read 1 GO(Ms)No.4/2024/DMD dated 07/03/2024

2 Minutes of SEC meeting held on 31/01/2025

**ORDER**

State Executive Committee Meeting held on 31/01/2025, has approved the norms of assistance to the victims of Human Wildlife conflict from SDRF and Forest department. The culling and burial of notified wild pests such as wild pigs is included in the Item 3(b) of the norms. The problematic wild pigs and pests notified by Forests & Wildlife Department which cause threat to life, property and agriculture in human habitations are killed by authorized shooters assigned by the local self-governments concerned.

In this regard, Government are pleased to sanction the following financial assistance from SDRF regarding the culling and burial of notified wild pests including wild pigs.

- Honorarium for a shooter per animal killed is ₹1500/-
- Financial assistance for animal carcasses burial shall be ₹2000/-

The expenditure in this regard shall be certified by concerned Panchayath Secretary. The actual amount limiting to ₹1,00,000 per LSG institution per financial year will be reimbursed by DDMA to the concerned Local Self Government.

(By order of the Governor)
TINKU BISWAL
PRINCIPAL SECRETARY

Additional Chief Secretary, Forest & Wildlife Department
Principal Chief Conservator of Forest, Kerala
Chief Wildlife Warden, Kerala
Commissioner, Disaster Management
Principal Director, Local Self Government
District Collector & Chairman, DDMA, All districts
Member Secretary, KSDMA
Forest & Wildlife (D)Department
The Principal Accountant General (Audit), Kerala, Tvm
The Accountant General (A&E), Kerala, Tvm
Web & New Media, I& PRD
Stock file/Office copy

Forwarded /By order

Section Officer